**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 312** **07-10-2024 - ൽ മറുപടിയ്ക്ക്**

**വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് റേഞ്ച് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | ഉണ്ട്. വെള്ളരിക്കുണ്ട് സർക്കിൾ ഓഫീസിന്റെ അധികാരപരിധി നിർണ്ണയിച്ച റേഞ്ച് ഓഫീസ് രൂപീകരിക്കേണ്ടത് അനിവാര്യമായതിനാൽ പുതിയ തസ്തികകൾ അനുവദിക്കുന്നത് വരെ താൽകാലിക ക്രമീകരണം എന്ന നിലയിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാതെ വെള്ളരിക്കുണ്ട് സർക്കിൾ ഓഫീസിലെയും നീലേശ്വരം, ഹോസ്ദുർഗ് എന്നീ റേഞ്ച് ഓഫീസുകളിലെയും നിലവിലുള്ള ഉദ്യോഗസ്ഥരെ പുനർവിന്യാസത്തിലൂടെ ഉപയോഗപ്പെടുത്തി വെള്ളരിക്കുണ്ട് സർക്കിൾ ഓഫീസിനു കീഴിൽ പുതിയ വെള്ളരിക്കുണ്ട് റേഞ്ച് ഓഫീസ് രൂപീകരിക്കണ മെന്നുള്ള എക്സൈസ് കമ്മീഷണറുടെ 22.02.2024 തീയതിയിലെ പ്രൊപോസൽ പരിശോധിക്കുകയും, കാസർഗോഡ് ജില്ലയിലെ എക്സൈസ് വകുപ്പിന്റെ ഘടന (Organisational Structure), Jurisdiction, ഓരോ ഓഫീസുകളിലും നിലവിലുള്ള തസ്തികകളുടെ എണ്ണം, പുതിയ റേഞ്ച് ഓഫീസ് രൂപീകരിക്കുന്നതിന് നിലവിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ പുതുതായി ലഭ്യമാക്കേണ്ടി വരുന്ന അടിസ്ഥാന സൗകര്യങ്ങളും, ആയതിനുള്ള സാമ്പത്തിക ബാധ്യതയും സഹിതം പ്രൊപോസൽ പുനഃസമർപ്പിക്കാൻ എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം പ്രസ്തുത വിഷയങ്ങൾ ഉൾപ്പെടുത്തി പുതിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കാസർഗോഡ് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിന്റെ തുടർനടപടികൾ നടന്നു വരികയുമാണെന്ന് എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ